**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 25** **26.02.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

| | ചോദ്യം<br>**ശ്രീ.വി.ടി.ബൽറാം** | | മറുപടി<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, നാളിതുവരെ ഓരോ വകുപ്പിലും എത്ര തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ചുവെന്ന് വെളിപ്പെടുത്തുമോ; | എ) & ബി) | മുൻ സർക്കാർ അധികാരത്തിൽ വന്ന ശേഷം 26/02/2018 വരെ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത തസ്തികകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം. | വകുപ്പ് (സെക്രട്ടേറിയറ്റ്) | എ) | ബി) |
|---|---|---|---|
| 1 | കൃഷി | 1) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 32 തസ്തികകൾ സൃഷ്ടിച്ചു. | പി.എസ്.സി വഴി നിയമനം നടത്താവുന്ന മുഴുവൻ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2 | പരിസ്ഥിതി | 1)പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്-2 തസ്തികകൾ | പി.എസ്.സി മുഖേന നിയമനം നടത്തിയിട്ടുണ്ട്. |
| | | 2) മലിനീകരണ നിയന്ത്രണ ബോർഡ് -109 | എൻട്രി കേഡർ തസ്തികകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3 | ധനകാര്യം | 1) ട്രഷറി - 3 തസ്തികകൾ | ജൂനിയർ അക്കൗണ്ടന്റ് തസ്തികയിൽ പി.എസ്.സി മുഖേന നിയമനം നടത്തിയിട്ടുണ്ട്. |
| | | 2) ധനകാര്യ വകുപ്പ് -4 തസ്തികകൾ (സ്ഥിരം തസ്തിക - ഓഫീസ് സൂപ്രണ്ട് (1), ഡിവിഷണൽ അക്കൗണ്ടന്റ് -(1) താത്കാലികം.- സെക്ഷൻ ഓഫീസർ (1) ,അസിസ്റ്റന്റ് (1) ) | ഓഫീസ് സൂപ്രണ്ട് തസ്തിക സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും പ്രൊമോഷൻ മുഖേന ആയതിനാൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഡിവിഷണൽ അക്കൗണ്ടന്റ്തസ്തികയിലെ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | 3) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്-32 | പി.എസ്.സി. നിയമനം നിഷ്കർഷിച്ചിട്ടില്ല. |
| | | 4) ഓഡിറ്റ് വകുപ്പ് - 38 | പുതിയ തസ്തികകളിൽ നിയമാനുസൃതമായി മാറ്റി വയ്ക്കപ്പെട്ടവ ഒഴികെയുള്ള തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | വനം വന്യജീവി വകുപ്പ് | 2 സ്ഥിരം തസ്തികകളും ( പാർട്ട് ടൈം സ്വീപ്പർ) 17 സൂപ്പർ ന്യൂമററി തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. | പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ പി.എസ്.സി മുഖേനയല്ല നിയമനം നടത്തുന്നത്. 17 സൂപ്പർ ന്യൂമററി തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. |
| 5 | ആരോഗ്യവും കുടുംബക്ഷേമവും | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - 1753 തസ്തികകൾ | എൻട്രി കേഡർ തസ്തികകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 6 | തൊഴിലും നൈപുണ്യവും | 1) 24 തസ്തികകൾ | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | 2) ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - 166 തസ്തികകൾ | 3 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് മറ്റ് തസ്തികകളിൽ 18 പുതിയ ഇ.എസ്.ഐ ഡിസ്പെൻസറികൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |
| | | 3) വ്യവസായിക പരിശീലന വകുപ്പ്-135 തസ്തികകൾ | അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് തസ്തികയിൽ പി.എസ്.സി മുഖേനയാണ് നിയമനം നടത്തുന്നത്. |
| 7 | നിയമം | 1)അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം - ട്രാൻസ്ലേറ്റർ -1 | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | 2) നിയമ പരിഷ്കരണ കമ്മീഷൻ-3 തസ്തികകൾ | അസിസ്റ്റന്റ് തമിഴ് ട്രാൻസ്ലേറ്റർ, കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ അംഗ പരിമിതർക്കായി സൃഷ്ടിച്ചതാണ്. ജോയിന്റ് സെക്രട്ടറി തസ്തിക പ്രൊമോഷൻ തസ്തികയാണ്. |
| | | 3)പ്രോസിക്യൂഷൻ ഡയറക്ടറേറ്റ്-12 തസ്തികകൾ | പി.എസ്.സി മുഖേനയാണ് നിയമനം നടത്തുന്നത്. |
| 9 | ഉദ്യോഗസ്ഥ ഭരണപരിഷ്കാരം | KAT- കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ - 37 തസ്തികകൾ | പി.എസ്.സി മുഖേനയാണ് നിയമനം നടത്തുന്നത്. |
| 9 | പൊതുമരാമത്ത് | 23 തസ്തികകൾ | പി.എസ്.സി മുഖേന നിയമനം നടത്തിയിട്ടുണ്ട്. |
| 10 | റവന്യൂ | 1) സർവെയും ഭൂരേഖയും വകുപ്പ് - 1 ലോ ഓഫീസർ | സെക്രട്ടറിയേറ്റിലെ നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വഴി നിയമിക്കുന്നു |
| | | 2) കോട്ടയം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റ് - ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് 11 തസ്തികകൾ | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | 3) മലപ്പുറം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റ് - 2 PTS തസ്തികകൾ | ഇല്ല, നിലവിലുള്ള 2 Casual Sweeper മാരെ ക്രമവൽകരിച്ചുകൊണ്ട് PTS തസ്തികകൾ സൃഷ്ടിച്ചുമാണ് ഉത്തരവായത് |
| | | 4) കണ്ണൂർ ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റ് - 80 തസ്തികകൾ | ഇല്ല. അടിയന്തരമായി റിപ്പോർട്ടു ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | 5) എറണാകുളം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റ് - 40 തസ്തികകൾ | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | 6) നെടുമങ്ങാട് റവന്യൂ സബ് ഡിവിഷണൽ കാര്യാലയത്തിൽ 24 തസ്തികകൾ | റിപ്പോർട്ടു ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | 7) കൊല്ലം ,കോട്ടയം ജില്ലകളിൽ ഇടമൺ ,കൊച്ചി 400 കെ.വി.ട്രാൻസ്മിഷൻ ലൈൻ പ്രവർത്തനങ്ങൾക്കായി 2 എൽ.എ.യൂണിറ്റുകളിലായി 22 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ പുതിയ 2 താലൂക്കുകൾ സൃഷ്ടിക്കുകയും | പുതിയ ഓഫീസുകൾ നിലവിൽ വരുന്ന മുറയ്ക്ക് എൻട്രി കേഡർ തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| | | ഒരോന്നിലും 55 തസ്തികകൾ വീതം 110 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്, കൂടാതെ 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 24 വീതം 120 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. | |
| | | 8) ലാന്റ് റവന്യൂ വകുപ്പ് - 331 തസ്തികകൾ | എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| | | 9)സംസ്ഥാന ഭൂവിനിയോഗ ബോർഡ്- 1 ലാബ് അസിസ്റ്റന്റ് (അംഗപരിമിത നിയമനം ) | സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ചതുകൊണ്ട് പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തിട്ടില്ല. |
| | | 10)വടകര റവന്യൂ സബ് ഡിവിഷണൽ കാര്യാലയം - 24 തസ്തികകൾ | പി.എസ്.സി മുഖേന നിയമനം നടത്തുന്നതാണ്. |
| 11 | വിജിലൻസ് | 24 സ്വീപ്പറുടെ | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തി. ക്ലാർക്ക് തസ്തികകളിൽ സ്ഥാനക്കയറ്റ/ആശ്രിതനിയമനം/ തസ്തികമാറ്റം മുഖേന 4 ഒഴിവുകൾ ഒഴികെ മറ്റ് എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്ത് നിയമനം പൂർത്തിയായിട്ടുണ്ട്. |
| 12 | ജലവിഭവം | ജലസേചനം - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ട പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. | ഇല്ല. പാർട്ട് ടൈം സ്വീപ്പർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമിക്കുന്നത് |
| 13 | ആഭ്യന്തരം | 1)കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ 3 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. | പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| | | 2)പോലീസ് - 2056 സ്ഥിരം തസ്തികകളും 240 താത്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട് | എൻട്രി കേഡർ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| | | 3)ജയിൽ വകുപ്പ്- 308 തസ്തികകൾ | എൻട്രി കേഡർ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| | | 4)ഫയർ &റസ്ക്യൂ- 83 തസ്തികകൾ | പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട എല്ലാ തസ്തികകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 14 | ആയുഷ് | 1) 68 തസ്തികകൾ | 48 തെറാപിസ്റ്റ് തസ്തിക ഒഴികെയുള്ളവ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | 2)ആയുർവേദ വിദ്യാഭ്യാസ വകുപ്പ്- 35 | എൻട്രി കേഡർ തസ്തികകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 15 | പ്രവാസികാര്യം | 5 തസ്തികകൾ | ഇല്ല. ഡ്രൈവർ തസ്തികയിൽ ഒഴികെ പൊതുഭരണ |

| | | | |
|---|---|---|---|
| | | | സെക്രട്ടേറിയറ്റിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തുന്നത്. |
| 16 | മൃഗസംരക്ഷണം | 4 സ്വീപ്പർ തസ്തികകൾ ഉൾപ്പെടെ 39 തസ്തികകൾ | സ്വീപ്പർ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തുന്നത്. മറ്റ് തസ്തികകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 17 | ഭക്ഷ്യവും പൊതുവിതരണവും | 40 –റേഷനിംഗ് ഇൻസ്പെക്ടർ<br>1 –താലൂക്ക് സപ്ലൈ ഓഫീസർ<br>1– ജില്ലാ സപ്ലൈ ഓഫീസർ | ഡെപ്യൂട്ടേഷൻ മുഖേനയാണ് നിയമനം നടക്കുന്നത്. |
| 18 | തദ്ദേശസ്വയംഭരണം | 1) 1494 തസ്തികകൾ | എൻട്രി കേഡർ തസ്തികകൾ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| | | 2)ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്– എഞ്ചിനീയറിംഗ് വിംഗ്– 127 | പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| 19 | മത്സ്യബന്ധനം | വിഴിഞ്ഞം പ്രോജക്ട് ഇംപ്ലിമെന്റേഷനു വേണ്ടി 3 വർഷക്കാലയളവിലേയ്ക്കായി താല്കാലികമായി 11 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. | താല്കാലിക നിയമനമായതിനാൽ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തിട്ടില്ല. |
| 20 | പട്ടികജാതി/ പട്ടികവർഗ്ഗവികസനം | പട്ടികജാതി വികസനം – 4 തസ്തികകൾ<br>പട്ടികവർഗ്ഗവികസന വകുപ്പ്– 101 | എൻട്രി കേഡർ തസ്തികകൾ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട് |
| 21 | സാംസ്കാരികം | 1)ആർക്കൈവ്സ് ഡയറക്ടറേറ്റിൽ 3 ഹെഡ് ക്ലർക്ക് തസ്തികകൾ | പ്രമോഷൻ തസ്തികകൾ ആയതിനാൽ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തിട്ടില്ല. |
| | | 2) സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം– 10 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. | ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിവ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| | | 3) പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം– 3 തസ്തികകൾ | ഇല്ല. പ്രസ്തുത തസ്തികകൾ തുടക്കത്തിൽ അന്യത്ര സേവന വ്യവസ്ഥയിലും ഭാവിയിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനം വഴിയും നികത്താവുന്നതാണെന്ന വ്യവസ്ഥയിലാണ് സൃഷ്ടിച്ചത്. |
| 22 | ഉന്നതവിദ്യഭ്യാസം | 1) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 35 അദ്ധ്യാപക തസ്തികകളും സൂപ്പർ ന്യൂമററി ഉൾപ്പെടെയുള്ള 14 അനദ്ധ്യാപക തസ്തികകളും | നിലമ്പൂർ ഗവ. കോളേജിനായുള്ള 8 അദ്ധ്യാപക തസ്തികകളും G.O. (Ms)No.49/2018/HEDN തീയതി 16/02/2018 പ്രകാരമുള്ള 4 അദ്ധ്യാപക തസ്തികകളും പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | നടന്നു വരുന്നു. മറ്റെല്ലാ തസ്തികകളും പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| | | 2) NCC Directorate – 12 തസ്തികകൾ | എൻട്രി കേഡർ തസ്തികകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | 3)സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് – 155 തസ്തികകൾ | പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 23 | പൊതുവിദ്യാഭ്യാസം | 1)ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധ്യാപക/അനധ്യാപക വിഭാഗത്തിൽ 2561 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. | എല്ലാ തസ്തികകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ചില തസ്തികകൾ പ്രമോഷൻ മുഖേനയും തസ്തിക മാറ്റം മുഖേനയും നികത്തപ്പെടുന്നു. |
| | | 2)എസ്.എസ്.എ കേരളം – കൺസൾട്ടന്റ് (ഇംഗ്ലീഷ് & പെഡഗോജി)- കരാർ നിയമനം | ഇല്ല. റീ-എംപ്ലോയ്മെന്റ്, ഡെപ്യൂട്ടേഷൻ, കരാർ, ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. |
| 24 | നികുതി | 1) എക്സൈസ് കമ്മീഷണറേറ്റ് – 244 തസ്തികകൾ | എൻട്രി കേഡർ തസ്തികകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | 2) ഭാഗ്യക്കുറി വകുപ്പ് – 53 സ്ഥിര തസ്തികകളും 60 താത്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. | പ്രസ്തുത തസ്തികകൾ എല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| | | 3) ചരക്കു സേവന നികുതി കമ്മീഷണറേറ്റ്- 16 തസ്തികകൾ ( 4 ഡെപ്യൂട്ടി കമ്മീഷണർ, 12 അസിസ്റ്റന്റ് കമ്മീഷണർ) | ഇല്ല. വകുപ്പുതല സ്ഥാനക്കയറ്റം നല്കുന്നു. |
| 25 | ഗതാഗതം | 1) 6 പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ 10 തസ്തികകൾ വീതം ആകെ 60 തസ്തികകളും ദിവസ വേതന അടിസ്ഥാനത്തിൽ 6 ഡ്രൈവർ 6 കാഷ്വൽ സ്വീപ്പർ എന്നീ തസ്തികകളും സൃഷ്ടിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. | ഇല്ല. പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതേയുള്ളൂ. |
| | | 2)ജലഗതാഗതം – 3 തസ്തികകൾ (2 വെൽഡർ, 1 ബ്ലാക്ക് സ്മിത്ത്) | വിരമിക്കൽ മൂലം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യുന്നതാണ്. |
| 26 | വനിതാ-ശിശു വികസനം | 24 തസ്തികകൾ | ഇല്ല. അടിയന്തരമായി റിപ്പോർട്ടു ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 27 | ഉപഭോക്തൃകാര്യ വകുപ്പ് | ലീഗൽ മെട്രോളജി വകുപ്പിൽ 21 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. | ആശ്രിത നിയമനത്തിനും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രമോഷനും വേണ്ടി റിസർവ്വ് ചെയ്ത തസ്തികകൾ ഒഴികെ ബാക്കിയുള്ള എൻട്രി കേഡർ തസ്തികകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 26..02..2018-ന് മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത 25-ാം നമ്പർ നിയമസഭാ ചോദ്യത്തിനുള്ള മറുപടി സഭയിൽ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം.**

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 'പുതുതായി സൃഷ്ടിച്ച തസ്തികകൾ' എന്ന വിഷയത്തിൽ ശ്രീ വി.ടി ബൽറാം എം.എൽ.എ ഉന്നയിച്ച, 26..02..2018-ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്ര ചിഹ്നമിടാത്ത 25-ാം നമ്പർ നിയമസഭാ ചോദ്യത്തിന് മറ്റു വകുപ്പുകളിൽ നിന്ന് വിവരം ശേഖരിച്ചും, ഫയലുകൾ പരിശോധിച്ചും മറുപടി തയ്യാറാക്കേണ്ടിവന്നതിനാലാണ് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതെന്നും ആയതിൽ ബോധപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്നും അറിയിക്കുന്നു.

പിണറായി വിജയൻ
മുഖ്യമന്ത്രി